ഫിനാൻസ് ഡിപ്പാർട്ടുമെൻറ് ഇത് പരിശോധിച്ചു. അക്കൗണ്ടൻറ് ജനറലിൻറെ ചില ഒബ്ജക്ഷൻസിനെ സംബന്ധിച്ചിടത്തോളം ഇവർ കേസ് ക്കുകയും ചെയ്തു. ഇതിനെ സംബന്ധിച്ച് ശ്രീ. ബേബിജോൺ ഉത്തരവിടുന്നത് 12-6-1980-ലാണ്. അദ്ദേഹം എല്ലാ നടപടിച്ചട്ടങ്ങളും പരിശോധിച്ചതിനുശേഷമാണ് പെററി വർക്സിനെ സംബന്ധിച്ചുള്ള എക്സ്പ്ലനേഷൻ ആകാം എന്ന് പറഞ്ഞിട്ടുള്ളത് തികച്ചും ന്യായമായ ഒരു കാര്യമാണ്. അതിനുശേഷം ഇതിൻറെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കുറേക്കൂടി താമസം വന്നു. നിയമസഭയുടെ സബ്ജക്ട് കമ്മിററി മുമ്പാകെ ഇത് പ്ലേസ് ചെയ്യുകയും സബ്ജക്ട് കമ്മിററി ഇത് പരിശോധിച്ചതിനുശേഷം മാത്രമാണ് ഈ റൂംസിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവിടുകയും ചെയ്തത്. ബഹുമാനപ്പെട്ട രാധാകൃഷ്ണൻ സൂചിപ്പിച്ചത് ശരിയല്ല. അദ്ദേഹം പറഞ്ഞു ഇവിടെ വർദ്ധനവുണ്ടാക്കിയിട്ടുണ്ടെന്ന്. വർദ്ധനവുണ്ടാക്കിയിട്ടില്ല. ആയിരം രൂപയോ അതിനുതാഴെയോ ഉള്ളത് പെററി വർക്സിലാകാം എന്ന് പറഞ്ഞു. അത് വളരെ വർഷങ്ങൾക്കുമുമ്പു നിശ്ചയിച്ചിരുന്നതാണ്. അതിനുശേഷം പി. ഡബ്ല്യു. ഡി. എസ്റിമേറ്റ്സിൽ പല റിവിഷൻസും വരുത്തി. ആ സാഹചര്യത്തിൽ പെററി വർക്സിൻറെ എമൗണ്ട് ആയിരം രൂപ വരെ എന്നുള്ളത് 2,500 രൂപയാക്കി വർദ്ധിപ്പിച്ചു. അതുവഴി മെയിൻറനൻസ് ഗ്രാൻറിൻറെ തുകയിൽ വർദ്ധനവ് വരുന്നില്ല. മെയിൻറനൻസ് ഗ്രാൻറ് നൽകുന്നത് കുട്ടികളുടെ എഫക്ടീവ് സ്ട്രെംഗ്തിൻറെ അടിസ്ഥാനത്തിലാണ്. അതുവഴി ചെലവഴിക്കേണ്ട പണത്തെ സംബന്ധിച്ചും പെററിവർക്സിനു എത്ര എമൗണ്ടാകും, എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കും എന്നുള്ളതിനെ സംബന്ധിച്ചും ഉള്ള നാല് ഭേദഗതികളാണ് വരുത്തിയിരിക്കുന്നത്. യാതൊരു തരത്തിലുള്ള തെററിദ്ധാരണയും ഈ സഭയ്ക്കകത്തുണ്ടാക്കണമെന്ന് താല്പര്യമില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

തിരിച്ചുവരുന്ന ഗൾഫ് മലയാളികളുടെ പുനരധിവാസം

* 110. [115] ശ്രീ. സി. ടി. അഹമ്മദലി :
,, ഈ. ടി. മുഹമ്മദ് ബഷീർ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്ത് സൂപ്പി:
,, പി. വി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സഭയ്ക്ക് മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവരുന്ന മലയാളികളെ പുനരധിവസിപ്പിക്കുവാൻ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവരെ പുനരധിവസിപ്പിക്കുവാൻ സത്വര നടപടികൾ ഗവൺമെൻറ് ഭാഗത്തുനിന്നും സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇല്ല.

(ബി) ഇപ്പോൾ എന്തെങ്കിലും നടപടികൾ ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly